കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-8/2024/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി, 5.1.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡൻറ് (സെക്രട്ടറി മുഖേന)

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് 2017 - 2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ബ്ളോക്ക് പഞ്ചായത്തിൻറെ 2017–2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ളതുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ളോക്ക് പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ളോക്ക് പഞ്ചായത്ത്എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരളാ പഞ്ചായത്ത് രാജ് ആക്ട് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസ്സി.ഡെവലപ്പ്മെൻറ് കമ്മീഷണർ(ജനറൽ ),കൊല്ലം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി.8/2024/18 തീയതി: 5.1.19

## കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2017 - 2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പൽ നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ളോക്ക് പഞ്ചായത്തിന്റെ

2017 - 2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ളോക്ക് പഞ്ചായത്തിന്റെ 1.10.17 മുതൽ 31.3.18 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ളോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ളോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ്

ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.11.18 മുതൽ 30.11.18 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിജി വർഗീസ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ. അനിൽ .ആർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ലാലു.ആർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുനിത സെബാസ്റ്റ്യൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷേർളി ശ്രീകുമാർ | 01.04.17 മുതൽ 1.6.18 വരെ |
| | ശ്രീ. മജീദ്(ഇൻ ചാർജ്ജ്) | 2.6.18 മുതൽ 20.6.18 വരെ |
| | ശ്രീ. മജീദ് | 21.6.18 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീ.ആർ.അജയകുമാർ | 01.04.17മുതൽ 31.3.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ജോൺ നൈനാൻ | 01.04.17 മുതൽ 22.09.2017 വരെ |
| | ശ്രീമതി.റീന തോമസ്സ്(ഇൻ ചാർജ്ജ്) | 22.09.2017 മുതൽ 2.01.18 വരെ |
| | ശ്രീ.രാജേഷ് | 3.01.18 മുതൽ 31.03.18 വരെ |
| ശിശുവികസന ഓഫീസർ, ഓച്ചിറ | ശ്രീമതി.ഷിബില.ജെ.(ഇൻ ചാർജ്ജ്) | 01.04.17മുതൽ 4.07.18 വരെ |
| | ശ്രീ.റെമിജിയസ് വി.ഫെർണാണ്ടസ് | 5.07.18 മുതൽ 31.03.18 വരെ |
| ശിശുവികസന ഓഫീസർ,കരുനാഗപ്പള്ളി | ശ്രീമതി.അംബികാദേവി .എൽ | 01.04.17മുതൽ 1.08.18 വരെ |
| | ശ്രീമതി.സുലഭ | 2.08.18 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, | ഡോ.ബീന | 01.04.17 മുതൽ 31.03.18 വരെ |
| കൃഷി അസി.ഡയറക്ടർ | ശ്രീമതി.ശ്രീകുമാരി | 01.04.17മുതൽ 9.07.17 വരെ |
| | ശ്രീ.ജേക്കബ് മാരിയോ | 10.07.17 മുതൽ |

| | | |
|---|---|---|
| | | 31.03.18 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ.ബീന | 01.04.17 മുതൽ 16.09.17വരെ |
| | ഡോ.രാജേഷ് കുമാർ | 17.09.17മുതൽ 31.10.17 വരെ |
| | ഡോ.നാസർ | 11.10.17 മുതൽ 31.03.18വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ .എസ്.കൃഷ്ണകുമാർ | 01.04.17 മുതൽ 17.06.17 വരെ |
| | ശ്രീമതി.വിമലാകുമാരി അമ്മ | 18.06.17 മുതൽ 17.07.17 വരെ |
| | ശ്രീമതി.ജാകൂലിൻ | 18.07.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര് | ശ്രീമതി.സജിത. | 01.04.17 മുതൽ 22.04.18 വരെ |
| | ശ്രീമതി.ജ്യോതി വിദ്യാധരൻ | 23.04.18 മുതൽ 31.03.18 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം -2 | |
| 13 | വാടക ഈടാക്കിയിട്ടില്ല | 2-1 |
| | ഭാഗം -3 | |
| 14 | ഇന്ധനക്ഷമത പരിശോധന നടത്തിയിട്ടില്ല | 3-1 |
| 15 | എൻ.ആർ.ഇ.ജി.എസ് പദ്ധതികളിലെ അപാകതകൾ | 3-2 |
| 16 | പാലീയേറ്റിവ് കെയർ-വിനിയോഗരേഖയില്ല. | 3-3 |
| 17 | മരുന്നുകൾ പൂർണ്ണമായിട്ട് ലഭ്യമാക്കിയില്ല | 3-4 |
| 18 | ഭിന്നശേഷിയുള്ള വനിതകൾക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ -രേഖകൾ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല. | 3-5 |
| 19 | മുൻകൂറായി നൽകിയ തുക ക്രമീകരിച്ചില്ല | 3-6 |
| 20 | വിനിയോഗ രേഖകൾ ഹാജരാക്കിയില്ല ₹ 25,89,202/- തടസ്സപ്പെടുത്തുന്നു | 3-7 |
| 21 | മരാമത്ത്പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല | 3-8 |
| | ഭാഗം -4 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 25 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപം | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 29 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 32 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

23/3/17-ലെ I- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 19.6.18 | ------------ | ------- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 30/8/18 & 31/8/18 | നം.കെ.എസ്.എ.കെ.എൽ.എം. പി.8/1608/18 തീയതി 8/11/18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,99,69,552 |
| വരവ് | 8,96,01,224 |
| ആകെ | 12,95,70,776 |
| ചെലവ് | 10,80,20,305 |
| നീക്കിയിരിപ്പ് | 2,15,50,471 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- | 0 | 4,01,27,696 | 4,01,27,696 | 3,19,84,688 | 81,43,008 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1,15,31,000 | 1,15,31,000 | 1,15,31,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1,37,000 | 1,37,000 | 0 | 1,37,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 51,13,000 | 51,13,000 | 51,13,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 0 | 0 | 0 | 0 |
| | അഡ്മിനി-സ്ട്രേറ്റീവ് ചെലവ് | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 0 | 0 | 0 | 0 | 0 |
| ജോയിന്റ് | ബ്ലോക്ക് | 44,39,977 | | 2,42,61,822 | 2,06,91,881 | 35,69,941 |

| | | | | | | |
|---|---|---|---|---|---|---|
| വൌച്ചർ അക്കൗണ്ട് | പഞ്ചായത്ത് | | 1,98,21,845 | | | |
| | ജില്ലാ പഞ്ചായത്ത് | | | | | |
| ബി ഫണ്ട് | | 0 | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 44,38,206 | 10,18,648 | 54,56,854 | 3,04,116 | 51,52,738 |
| | ട്രഷറി അക്കൗണ്ട് | 48,42,178 | 35,82,000 | 84,24,178 | 40,23,675 | 44,00,503 |
| മറ്റിനം | | 2,62,49,191 | 82,70,035 | 3,45,19,226 | 2,60,91,937 | 84,27,289 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ-കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗി-കമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 95 | 11,57,41,073 | 61 | 4,95,75,280 | 29 | 5 | 43 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)മാലിന്യ പ്ലാന്റ് സ്ഥലം വാങ്ങൽ

2)അഗതി ആശ്രയ വിഹിതം നൽകൽ

3)വിധവ ഗ്രൂപ്പുകൾക്ക് കിടാരി വാങ്ങി നൽകൽ

4)വനിത ഡയറി യുണിറ്റ്

5)ലൈഫ് മിഷൻ പി.എം.എ.വൈ.അധിക സാമ്പത്തികം-പട്ടികവർഗ്ഗം

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

ക്യാഷ് കളക്ഷൻ ഇല്ല

## 1-10 ആഭ്യന്തരനിയന്ത്രണം

സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടുണ്ട്. ബജറ്റ് അംഗികരിച്ചിട്ടുണ്ടെങ്കിലും ബജറ്റ് റിവിഷൻ നടത്തിയതിന്റെ വിവരം ലഭിച്ചില്ല. എല്ലാ ജിവനക്കാരും ജോലിവിഭജനരേഖപ്രകാരം ജോലി ചെയ്തു വരുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/8/16 | 2015-16 | 30-11-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/4/2016 മുതൽ 22/4/2016വരെ | 2012-13 മുതൽ 2015-16 വരെ | 22-6-16 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1)2017-18 വർഷം അക്കൗണ്ട്സ് പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരുപ്പ്

എന്നിവ പരിശോധിക്കുന്നതിനായി സർവീസ് സഹകരണ ബാങ്ക്-വയനകം, സർവീസ് സഹകരണ ബാങ്ക്-തഴവ എന്നീ അക്കൗണ്ടുകളുടെ പാസ്ബുക്ക്/ബാങ്ക്സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

2)ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമായി പരിപാലിക്കാത്തതിനാൽ ഇ.എം.ഡി. ഇനത്തിലും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിലുമുള്ള വരവ്,ചെലവ്,ബാലൻസ് പരിശോധിക്കാനായില്ല.

3)റെന്റ് ഡെപ്പാസിറ്റ് ഇനത്തിൽ ബി-7 പ്രകാരം 2,77,060/-ബാലൻസ് ഉണ്ടെങ്കിലും ഹാജരാക്കിയ വാടക രജിസ്റ്റർ പ്രകാരം 2,26,400/-രൂപ മാത്രമേ നീക്കിയിരുപ്പുള്ളൂ.

4)ബി-11(എ) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ അക്കൗണ്ട്സ് പ്രകാരം 13,66,222/-രൂപ നീക്കിയിരുപ്പുണ്ട്.എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 23,73,294/-രൂപ പാർട്ട് ബിൽ ഇനത്തിൽ നൽകിയിട്ടുണ്ട്.

5)അക്കൗണ്ട്സ് പ്രകാരം Rent from buildings(arrear)-RP 4,31,04,130/-രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഇനത്തിലുള്ള യഥാർത്ഥ വരവ് 1,01,950/-രൂപയാണ്.

6) കോൺട്രാക്ടേഴ്സ് റീടെൻഷൻ ഇനത്തിൽ അക്കൗണ്ട്സ് പ്രകാരം 2,52,235/-രൂപ വരവും 2,86,273/-രൂപ നീക്കിയിരുപ്പുമുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത ഇനത്തിൽ 42,391/- രൂപ വരവും, 42,391/- രൂപ നീക്കിയിരുപ്പുമുണ്ട്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാടക ഈടാക്കിയിട്ടില്ല

1.ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊടിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെയുള്ള 17 കടമുറികളിൽ 14 കടമുറികൾ മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. 3 കടമുറികൾ

വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുകയാണ്. മുറികളുടെ വാടക യഥാസമയം ഈടാക്കുകയോ തുക ഒടുക്കാൻ കാലതാമസം വരുത്തുന്നവരിൽനിന്ന് ആയതിന്റെ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാടകയ്ക്കെടുത്ത വ്യക്തി | കെട്ടിട നമ്പർ | മാസ വാടക (രൂപ) | കുടിശ്ശിക കാലാവധി | കുടിശ്ശിക തുക(രൂപ) |
|---|---|---|---|---|---|
| 1 | ശ്രീമതി.പി.കെ.ഷൈനി, മംഗലംപറമ്പിൽ, ചവറ | 621 | 2,250/- | 10/17 മുതൽ 3/18 വരെ | 13,500/- |
| 2 | ശ്രീ.ഷാജഹാൻ, കുരുമ്പോലിൽ, എസ്സ്.വി.എം.പി.ഒ. | 517C, 517D | 1,250 x 2 = 2,500/- | 1/18 മുതൽ 3/18 വരെ | 7,500/- |
| 3 | ശ്രീ.ഷാജഹാൻ, കുരുമ്പോലിൽ, എസ്സ്.വി.എം.പി.ഒ. | 516 | 2,240/- | 1/18 മുതൽ 3/18 വരെ | 6,720/- |
| 4 | ശ്രീ.വിജയൻ, വിളയിൽ തെക്കതിൽ, കല്ലേലി ഭാഗം പി.ഒ., തൊടിയൂർ | 622 | 2,500/- | 4/17 മുതൽ 3/18 വരെ | 30,000/- |
| 5 | ശ്രീ.ഉണ്ണികൃഷ്ണൻ, പുത്തൻകോട്ടക്കൽ, പണ്ടാരതുരുത്ത്, ചെറിയഴീക്കൽ പി.ഒ | 617(1) | 1,250/- | 4/17 മുതൽ 3/18 വരെ | 15,000/- |
| 5 | ശ്രീ.നജ്മുദ്ദീൻ, റോസ്ഹൗസ്, കെ.എസ്.പുരം | 617 618 | 2,500/- | 9/17 മുതൽ 3/18 വരെ | 17,500/- |
| 6 | ശ്രീ. ഷിബുകുമാർ, വൃന്ദാവൻ നഗർ 1, ടൗൺ ലിമിറ്റഡ്, കടപ്പാക്കട | 517H | 1,250/- | 4/17 മുതൽ 3/18 വരെ | 15,000/- |
| 7 | ശ്രീ. ഷിബുകുമാർ, വൃന്ദാവൻ നഗർ 1, | 619 | 1,250/- | 4/17 മുതൽ | 15,000/- |

| | | | | | |
|---|---|---|---|---|---|
| | ടൗൺലിമിറ്റഡ്, കടപ്പാക്കട | | | 3/18 വരെ | |
| | | | | ആകെ | 1,20,220 |

1/2015 -ൽ 10 % വാർഷിക വർദ്ധനവ് വരുത്തിയശേഷം ടി കെട്ടിടങ്ങൾക്ക് വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല .ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.2/26/11/18)ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായിട്ടാണ് വർദ്ധനവ് പ്രാബല്യത്തിൽ വരുന്നതെന്നും ക്രമനം.5,6,7 എന്നിവ പ്രകാരമുള്ള കുടിശ്ശികക്കാർക്കെതിരെ ആർ.ആർ.നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന കുടിശ്ശികക്കാർക്ക് നോട്ടീസ് നൽകി നടപടി കൈക്കൊള്ളാം എന്നും മറുപടി ലഭിച്ചു. ടി വ്യക്തികളിൽനിന്ന് പിഴസഹിതം കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വാടകയിനത്തിൽ വാർഷിക വർദ്ധനവ് വരുത്തേണ്ടതുമാണ്.

പഞ്ചായത്തിൽനിന്നും നമ്പർ ലഭിക്കാത്തതിനാൽ 3 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല എന്ന മറുപടി അംഗീകരിക്കുന്നില്ല. ടി കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ ലഭിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ടി വിഷയം തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽ -പ്പെടുത്തുന്നു.

2)ബ്ലോക്ക് പഞ്ചായത്തിനോടനുബന്ധിച്ചുള്ള ക്യാന്റീനിൽ നിന്നും 9,600/-രൂപ വാടക ഈടാക്കാൻ അവശേഷിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിനോടനുബന്ധിച്ചുള്ള ക്യാന്റീനിൽനിന്നും 10/17 മുതൽ 3/18 വരെയുള്ള വാടക തുകയായ 9600/-രൂപ (1600 x 6 ) ഈടാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഇന്ധനക്ഷമത പരിശോധന നടത്തിയിട്ടില്ല

പ്രോജക്റ്റ് നം.90/18

അടങ്കൽ തുക - 2,00,000

ചെലവഴിച്ച തുക -1,99,938

ബിൽ നം. -8/14-3-18

നിർവ്വഹണോദ്യഗസ്ഥൻ-മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ഓഡിറ്റ് എൻക്വയറി നം/തീയതി 1/26-11-2018

സി.എച്ച്.സിയുടെ ദൈനംദിന ചെലവുകളുടെ വൗച്ചറുകളിൽ KL-01AD-4508 ജീപ്പിന് 32,000/- രൂപയ്ക്ക് ഡീസൽ നിറച്ചിട്ടുണ്ട്. ലോഗ് ബുക്ക് പരിശോധിച്ചതിൽ 19/6/15-ന് ശേഷം (സാക്ഷ്യപത്രകാലാവധി 19/6/16 വരെ) ജീപ്പിന്റെ ഇന്ധനക്ഷമത പരിശോധിച്ചിട്ടില്ല.G.O.(Rt)No.582/75/PW dated 5-5-1975 പ്രകാരം എഞ്ചിൻ പണിനടത്തിയിട്ടുണ്ടെങ്കിൽ ഇന്ധനക്ഷമത പരിശോധന അനിവാര്യമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസ് മുഖേന നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭിച്ചു. ഇന്ധനക്ഷമത പരിശോധന നടത്തിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 എൻ.ആർ.ഇ.ജി.എസ് പദ്ധതികളിലെ അപാകതകൾ

2017-18-ൽ എൻ.ആർ.ഇ.ജി.എസ് മുഖേന 10 പദ്ധതികൾ നടപ്പിലാക്കി. ടെണ്ടർ/ക്വട്ടേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ സാധനസാമഗ്രികൾ വാങ്ങി

സൈറ്റിൽ എത്തിച്ച് എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾ മുഖാന്തിരം പ്രവൃത്തി നടപ്പിലാക്കുന്നു. ഫയലുകളിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)കരാറുകാർ വാങ്ങുന്ന സാധനസാമഗ്രികളുടെ ബില്ലുകൾ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കുന്നില്ല. പകരം പ്രത്യേകം കെട്ടായി സൂക്ഷിക്കുന്നു. അതിനാൽ ഓരോ പ്രവൃത്തിയ്ക്കും വാങ്ങിയ സാധന സാമഗ്രികളുടെ വിവരം പരിശോധിക്കാൻ സാധിക്കുന്നില്ല.

2)റീടെണ്ടർ നടത്തിയിട്ടും ആരും പങ്കെടുക്കാത്ത പ്രവൃത്തികൾ കരാറുക്കാർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. ഉദാ:

a)ഇരവിമംഗലം മുതൽ അംഗൻവാടിവരെ റോഡ് കോൺക്രീറ്റിംഗ് (72/18)

b)കോയിത്തറഭാഗം മടത്തിമുക്ക് റോഡ് കോൺക്രീറ്റിംഗ് (69/18)

c)പായിക്കവിള നടപ്പാത കോൺക്രീറ്റിംഗ് (81/18)

d)കോയിത്തറ ഭാഗം കണ്ണമത്ത് മുക്ക് റോഡ് കോൺക്രീറ്റിംഗ് (71/18)

3)എസ്.പി.എം.യു.പി.എസ്-പാലപ്പള്ളി ജംഗ്ഷൻ റോഡ് കോൺക്രീറ്റിംഗ് സിംങ്കിൾ ടെണ്ടർ രേഖയാണ് ഫയലിലുള്ളത്(75/18)

ഇതു സംബന്ധിച്ച് 30/11/18ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.8 ന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-3 <u>പാലിയേറ്റിവ് കെയർ-വിനിയോഗരേഖയില്ല.</u>

പ്രോജക്റ്റ് നം.97/18

അടങ്കൽ തുക - 4,00,000

ചെലവഴിച്ച തുക -1,00,000

ബിൽ നം.- 9/24-3-18

നിർവ്വഹണോദ്യഗസ്ഥൻ-മെഡിക്കൽ ഓഫീസർ,
കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ

ഓഡിറ്റ് എൻക്വയറി- 1/26-11-2018

തഴവ ഗ്രാമപഞ്ചായത്ത് പി.എച്ച്.സി.ക്ക് 1,00,000/-രൂപ മരുന്ന് വാങ്ങുന്നതിന് നൽകിയെങ്കിലും വിനിയോഗരേഖയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗരേഖ ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 മരുന്നുകൾ പൂർണ്ണമായിട്ട് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫിസർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ നിർവ്വഹണഉദ്യോഗസ്ഥയായ പ്രോജക്റ്റിൽ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നം | സ്ഥാപനത്തിന്റെ പേര് | ബിൽ നം/ തീയതി | മരുന്നു-കളുടെ ആകെ വില | ലഭ്യമാക്കേണ്ട മരുന്നുകളുടെ വില |
|---|---|---|---|---|
| ഓച്ചിറ സാമൂഹികാരോഗ്യ കേന്ദ്രത്തിനും ആലപ്പാട് പ്രാഥമികാരോഗ്യ | കേരള മെഡിക്കൽ സർവിസസ്സ് കോർപ്പറേഷൻ | 1,2/ 31-10-17<br>6,7/ 14-3-18 | 7,00,000/-<br>6,00,000/- | 5,69,840 |

| | | | | |
|---|---|---|---|---|
| കേന്ദ്രത്തിനും<br>മരുന്ന്<br>വാങ്ങൽ | | | | |
| | | ആകെ | 13,00,000/- | 5,69,840 |

ഇതിൽ 3,00,000/- രൂപയുടെ മരുന്നുകൾ ആലപ്പാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിനുള്ളതാണ് . ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺഅവേലബിലിറ്റി സർട്ടിഫിക്കറ്റും വാങ്ങിയിട്ടില്ല. 26/11/18ന് നൽകിയ ഓഡിറ്റ് എൻക്വയറി നം-1ന് മരുന്നുകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന നിർവ്വഹണ-ഉദ്ദോഗസ്ഥൻ അറിയിച്ചു. ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ഭിന്നശേഷിയുള്ള വനിതകൾക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ -രേഖകൾ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല.

പ്രോജക്റ്റ് നം.82/17

അടങ്കൽ തുക -18,00,000

ചെലവഴിച്ച തുക -15,72,500(62,900x25)

ബിൽ നം- 9/31-3-18

നിർവ്വഹണോദ്യഗസ്ഥൻ-ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ

ഓഡിറ്റ് എൻക്വയറി- 3/27-11-2018

25 ഭിന്നശേഷിയുള്ള വനിതകൾക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ നൽകിയിട്ടുണ്ട്. ആയതിൽ 8 പേർ ആർ.സി.ബുക്കിന്റെ പകർപ്പും 23 പേർ ലൈസൻസ് പകർപ്പും ഹാജരാക്കിയിട്ടില്ല. ഇതു കൂടാതെ മറ്റ് സർക്കാർ സ്ഥാപനങ്ങൾ/വികലാംഗ കോർപ്പറേഷൻ എന്നിവയിൽനിന്ന് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ ലഭിച്ചിട്ടില്ല

എന്നതിന്റെ സാക്ഷ്യപത്രവുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താക്കളിൽനിന്ന് രേഖകൾ വാങ്ങി സമർപ്പിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. ആർ.സി ബുക്ക്, ലൈസൻസ് പകർപ്പ് എന്നിവ ഹാജരാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 മുൻകൂറായി നൽകിയ തുക ക്രമീകരിച്ചില്ല

ഓച്ചിറ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികൾക്ക് (നം.82/18,66/17) ഗുണഭോക്താക്കളെ കണ്ടെത്തുന്ന-തിനായുള്ള മെഡിക്കൽ ക്യാംപിന്റെ ചെലവിനായി മുൻകൂറായി 11,500/- രൂപ തനതുഫണ്ടിൽനിന്നും വൗച്ചർ നം.42/17-18 തീയതി 8/01/18 പ്രകാരം ശിശുവികസനപദ്ധതി ഓഫീസർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ശിശുവികസനപദ്ധതി ഓഫീസർ സമർപ്പിച്ച വിനിയോഗസാക്ഷ്യപത്ര പ്രകാരം 10,500/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ശേഷിക്കുന്ന1,000/-രൂപയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.4,27/11/18) ശിശുവികസന പദ്ധതി ഓഫീസറിൽനിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. ഈയിനത്തിൽ ചെലവഴിക്കാത്ത തുകയ്ക്ക് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതും 1,000/-രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടേണ്ടതുമാണ്. തുക തടസ്സത്തിൽ വയ്ക്കുന്നു. രേഖ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല ₹ 25,89,202/- തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് / നം | ചെലവഴിച്ച തുക | തുക നൽകിയത് |
|---|---|---|
| പാലിയേറ്റീവ് കെയർ - ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ<br>80/18 | ₹.10,00,000/-<br>12/17 – 18/<br>30.10.17 | ജില്ലാ പഞ്ചായത്ത്, കൊല്ലം |
| ജീവനം - ഡയാലിസിസ് യൂണിറ്റ്<br>36/18 | 11,00,000/-<br>08/17-18/<br>21.10.17 | ജില്ലാ പഞ്ചായത്ത് , കൊല്ലം |
| പള്ളിക്കലാറ് സംരക്ഷണം - ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ<br>37/18 | ₹ 100,000/-<br>17/ 17-18/<br>27.01.18 | ജില്ലാ പഞ്ചായത്ത്, കൊല്ലം |
| കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>35/18 | ₹ 3,89,202/-<br>11/17-18/<br>30.10.17 | കേരളാ വാട്ടർ അതോറിറ്റി |
| ആകെ | 25,89,202/- | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 06/28.11.2018) രേഖകൾ ലഭ്യമാകുന്ന മുറയ്ക്കുഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത് . വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ ടിയിനത്തിലുള്ള ₹25,89,202/- തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

2017-18 വർഷത്തെ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ 2016-17-ൽ ആരംഭിച്ചിട്ടുള്ളതും 2017-18 വർഷം സ്പിൽഓവറായി നടപ്പിലാക്കിയതുമായ മരാമത്തുപ്രവൃത്തികൾ പലതും സമയപരിധിക്കുള്ളിൽ പൂർത്തികരിച്ചിട്ടില്ല. ജി.ഒ.(പി)13/12/pwd, dt1-2-12 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം

കരാറുകാരന്റേതല്ലാത്ത കാരണത്താൽ, അതത് നിർവ്വഹണ ഘട്ടത്തിലെ നിർമ്മാണ പ്രശ്നങ്ങൾമൂലം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട കാലാവധി ദീർഘിപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപ് തന്നെ അപേക്ഷിക്കേണ്ടതും ഒറിജിനൽ സമയത്തിന്റെ 25% ദീർഘീകരണം (ഫൈൻ ഇല്ലാതെ) നല്കാവുന്നതുമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി മാത്രമേ ദീർഘിപ്പിക്കാൻ പാടുള്ളൂ. പൂർത്തീകരണ കാലാവധിക്കകം തന്നെ ദീർഘീകരണ അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന സമർപ്പിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ഇവിടെ രണ്ട് പ്രവൃത്തികളിൽ കരാറുകാർ അപേക്ഷ നല്കിയിട്ടുണ്ട്. പക്ഷെ കരാർ കാലാവധി കഴിഞ്ഞ് എ.ഇ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തത് സംബന്ധിച്ച് നോട്ടീസും നല്കിയതിനുശേഷമാണ് കരാറുകാരൻ അപേക്ഷ നല്കിയിട്ടുള്ളത്. ഇതിൻ പ്രകാരം പഞ്ചായത്ത് കമ്മറ്റി 12/17 വരെ കരാർ കാലാവധി നീട്ടി നല്കിയെങ്കിലും ടി കരാറുകാർ പണി ആരംഭിച്ചതു തന്നെ നീട്ടി നല്കിയ സമയപരിധിക്ക് ശേഷമാണ്. ആയതിനാൽ ഫൈൻ ഇല്ലാതെ ബിൽ അനുവദിച്ച് നല്കിയ നടപടി അംഗീകരിക്കാവുന്നതല്ല. പുതുക്കിയ പി ഡബ്ളിയു. ഡി മാന്വൽ 2116.1 പ്രകാരം പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഓരോ ആഴ്ച്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. ഓരോ പ്രവൃത്തിയിലും ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1)<u>മന്ദിരം മുക്ക് -വട്ടകായൽ റോഡ് നിർമ്മാണം</u>

പ്രോജ. നം - 82/17

പദ്ധതി അടങ്കൽ - 6,00,000/

എഗ്രി നം -തീയതി -23/16-17 dt 31-3-17

എം.ബുക്ക് -108/17

എഗ്രീഡ് പി.എ.സി -5,88,231/-

ബിൽ നം.തീയതി - 23/17-18/19-3-18

സൈറ്റ് കൈമാറിയ തീയതി -4/4/17

പ്രവൃത്തി പൂർത്തീകരണതീയതി -30-6-17

പ്രവൃത്തി പൂർത്തീകരിച്ചതീയതി -8-3-18

എൻജിനിയർ നോട്ടീസ് നല്കിയത്-5-8-17

കോൺട്രാക്ടർ അപേക്ഷ നല്കിയത്-20-9-17

പ്രസ്തുത പ്രവൃത്തിയിൽ താഴെപ്പറയും പ്രകാരം ഫൈൻ ഈടാക്കേണ്ടതാണ്

1-7-17 മുതൽ 8-3-18 വരെ -244 ദിവസത്തേക്ക് -244/7= 35x 588= 20,580/-രൂപ

2) <u>മഞ്ചാടി മുക്ക്- കൊട്ടയ്ക്കാട്ട് മുക്ക്-പാലക്കുളങ്ങര റോഡ് റീടാറിംഗ്</u>

പ്രോജ നം -88/17

അടങ്കൽ -7,00,000/-

കരാറുകാരൻ - ശ്രീ.ബദറുദ്ദീൻ

എഗ്രി നം - 22/16-17 /31-3-17

അംഗീകരിച്ച കരാർ തുക - 6,92,415/-

സൈറ്റ് കൈമാറിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി പൂർത്തികരിക്കേണ്ട -തീയതി-30-6-17

പൂർത്തീകരിച്ച തീയതി -8-1-18

ഈ പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് കരാറുകാരൻ അപേക്ഷ നല്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തിയിൽ താഴെപ്പറയും പ്രകാരം ഫൈൻ ഈടാക്കേണ്ടതാണ്

1-7- 17 മുതൽ 8-1-18 വരെ192 ദിവസത്തേക്ക് -

192/7=27x700=18,900/-രൂപ

3)കാരാന്തയിൽ - മാരാരിത്തോട്ടം ഓട നിർമ്മാണം

പ്രോജ. നം - 88/17

പദ്ധതി അടങ്കൽ - 11,00,000/-

എഗ്രി ന -തീയതി -26/16-17 dt 31-3-17

എം ബുക്ക് -29/17

എഗ്രീഡ് പി എ സി -10,61,626/-

ബിൽ നം -തീയതി - 24/17-18/19-3-18

സൈറ്റ് കൈമാറിയ തീയതി -31/3/17

പ്രവൃത്തി പൂർത്തീകരണതീയതി -30-7-17

പ്രവൃത്തി പൂർത്തീകരിച്ചതീയതി -20-2-18

എൻജിനിയർ നോട്ടീസ് നല്കിയത്- 5-8-17

കോൺട്രാക്ടർ അപേക്ഷ നല്കിയത്-12-8-17

ഈടാക്കേണ്ട ഫൈൻ

1-8-17 മുതൽ 20-2-18 വരെയുള്ള204 ദിവസത്തേക്ക്- 204/7=29x1,061 = 30,769/-

മൂന്ന് പ്രവൃത്തികളിലുമായി 70,249/- പിഴ ഇനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത്<br>ജില്ലാ പഞ്ചായത്ത് | 17-18 | 2,42,61,822 | പി.എം. എ.വൈ | 2,06,91,881 | 35,69,941 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,588/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2005-06 | ഖണ്ഡിക. 3(9) | 2,500/-രൂപ | ശ്രീ.എസ്.പ്രഹ്ളാദൻ, ചിറക്കരവീട്, | ബുക്ക് നം.93, |

| | | | | |
|---|---|---|---|---|
| | | | പട.വടക്ക്, കരുനാഗപ്പള്ളി | രസീത് നം.71, തീയതി 1/02/18 |
| 1995-96 1997-98 | 13(1) | 588/-രൂപ | ശ്രീ.എ.ഷിഹാബുദ്ദീൻ, മുൻബ്ളോക്ക് പഞ്ചായത്ത്സെക്രട്ടറി, ഓച്ചിറ | ബുക്ക് നം93, രസീത് നം.77, തീയതി 7/02/18 |
| | 13(2) | 2,500/- രൂപ | ശ്രീ.എം.ശങ്കരപ്പിള്ള , മുൻബ്ളോക്ക് പഞ്ചായത്ത് അംഗം | ബുക്ക് നം 93, രസീത് നം.78, തീയതി 7/02/18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 & 2013-14 | 3(9) | 2014-15 | 4-1 | നിഷ്ക്രിയ ആസ്തികൾ (2008-09) 3,75,000/-രൂപ ചെലവിട്ട് വാങ്ങിയ മെതിയന്ത്രങ്ങൾ ഉപയോഗിക്കാതെ ജീർണ്ണാവസ്ഥയിൽ | 13/12/2017ൽ നിയമസഭാ സമിതിയുടെ തെളിവെടുപ്പ് പൂർത്തിയായി |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ<br>ആകെ വരവ് | : | 8,96,01,224/- |
| ഓഡിറ്റ് വർഷത്തെ<br>ആകെ ചെലവ് | : | 10,80,20,305/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,20,220/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 25,89,202/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1,20,220 | | ശ്രീ.ആർ.അജയകുമാർ, ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 25,89,202 | ശ്രീ.ആർ.അജയകുമാർ,ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ആർ.അജയകുമാർ, ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി, ഓച്ചിറ | ലക്ഷ്മി നിവാസ് കൊല്ലകപി.ഒ., വടക്കുംതല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1995-1996<br>1996-1997<br>1997-1998 | എൽ.എഫ്.ക്യൂ.ഡി.ബി-1522(12)/2014, തീയതി 30.06.2014 | |
| 1998-1999 | എൽ.എഫ്.ക്യൂ.ഡി.ബി-1522(11)/2014, തീയതി 30.06.2014 | |
| 2000-2001 | എൽ.എഫ്.ക്യൂ.ഡി.ബി-1522(10)/2014, തീയതി 05.07.2014 | |
| 2002-2003 | എൽ.എഫ്.ക്യൂ.ഡി.ബി-1522(9)/2014, തീയതി 05.07.2014 | |

| | | |
|---|---|---|
| 2005-2006 | എൽ.എഫ്.ക്യൂ.ഡി.ബി-1522(6)/2014, തീയതി 05.07.2014 | |
| 2006-2007 | എൽ.എഫ്.ക്യൂ.ഡി.ബി-1522(5)/2014, തീയതി 05.07.2014 | |
| 2007-2008 | എൽ.എഫ്.ക്യൂ.ഡി.ബി-1522(4)/2014, തീയതി 05.07.2014 | 1 |
| 2008-2009 | എൽ.എഫ്.ക്യൂ.ഡി.ബി-1522(3)/2014, തീയതി 30.06.2015 | 1 |
| 2009-2010 | എൽ.എഫ്.ക്യൂ.ഡി.ബി-1522(2)/2014, തീയതി 30.06.2014 | 2 |
| 2010-2011 | എൽ.എഫ്.ക്യൂ.ഡി.ബി-1522(1)/2014, തീയതി 30.06.2014 | 3 |
| 2011-2012 | എൽ.എഫ്.ക്യൂ.ഡി.ബി-947/2014, തീയതി 03.07.2014 | 1 |
| 2012-2013 & 2013-2014 | എൽ.എഫ്.ക്യൂ.ഡി.ബി-2377/14 തീയതി 23.05.2015 | 5 |
| 2014-2015 & 2015-2016 | കെ.എസ്.എ.കെ.എൽ.എം - ഡി.ബി - 518/17 തീയതി 23.02.2017 | 11 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം – പി 8/1976/17 തീയതി 17.11.2017 | 9 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

കെ.എസ്.എ. കെ.എൽ.എം.പി.8-2024/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in
തീയതി :5.1.2019

സാക്ഷ്യപത്രം 2017-18

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12 ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം